നജീബ് മൗലവി



## വഹ്ഹാബിസം - 8

# വിഗ്രഹപൂജയുടെ തുടക്കം

അല്ലാഹുവിനു പുറമെ മറ്റു ദൈവങ്ങളിൽ വിശ്വസിക്കുന്ന ശിർക്കിന്റെ ആരംഭം നൂഹ്നബി(അ)യുടെ ജനതയിലാണ്. ശിർക്കിനെതിരെ ഭൂനിവാസികളിലേക്കയക്കപ്പെട്ട പ്രഥമ ദൂതരാണ് ഹള്റത്ത് നൂഹ് നബി(അ). ആദിമപിതാവ് ആദംനബി(അ)ക്കും ശൈഖുൽ അമ്പിയാഅ് നൂഹ്നബി(അ)ക്കുമിടയിൽ പത്തു 'ഖർനുകൾ'-തലമുറകൾ അഥവാ നൂറ്റാണ്ടുകൾ- ഉണ്ടായിരുന്നതായി തിരുനബി(സ)തങ്ങൾ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അബൂഉമാമയിൽ നിന്നു നിവേദനം: അദ്ദേഹം പറഞ്ഞു: ഒരാൾ നബിയോടു ചോദിച്ചു: അല്ലാഹുവിന്റെ തിരുദൂതരേ, ആദം(അ) നബിയായിരുന്നുവോ? 'അതെ, ദൈവഭാഷണം ലഭിച്ച നബിയാണ്.' ആഗതൻ ചോദിച്ചു: ആദമിന്നും നൂഹിനുമിടയിൽ എത്രയുണ്ട്? നബി പറഞ്ഞു: 'പത്തു ഖർനുകൾ.' ഇമാം ഹാകിം മുസ്തദ്റകിൽ (2-262) നിവേദനം ചെയ്ത ഹദീസാണിത്. ഇത് മുസ്‌ലിമിന്റെ വ്യവസ്ഥയനുസരിച്ചു പ്രബലമാണെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പത്തു തലമുറയും തൗഹീദിൽ അടിയുറച്ചു നിന്നവരായിരുന്നു. ഇബ്നുഅബ്ബാസ്(റ) പ്രസ്താവിച്ചു:

كان بين آدم ونوح عشرة قرون كلّهم على الإسلام

[ആദമിന്നും(അ) നൂഹി(അ)നുമിടയിൽ പത്തു തലമുറകളുണ്ടായിരുന്നു. അവരെല്ലാം ഇസ്‌ലാമിന്റെ മേൽ-തൗഹീദിൽ ആയിരുന്നു.] ഇമാം ബുഖാരി തന്റെ സ്വഹീഹിൽ നിവേദനം ചെയ്തിട്ടുണ്ടിത്. സദ്വൃത്തരായ ഈ നല്ല തലമുറകൾക്കു ശേഷമാണ് വിഗ്രഹദൈവങ്ങളും ബിംബപൂജയും സമൂഹത്തിൽ കടന്നുവന്നത്. അഭിശപ്തനായ ശൈത്വാന്റെ ദുർബോധനവും കുതന്ത്രവും വഴിയാണ് ഇതു സംഭവിച്ചത്. വദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്റ് എന്നിവയായിരുന്നു അവരുടെ വിഗ്രഹദൈവങ്ങൾ. ഈ നാമങ്ങളും വിഗ്രഹങ്ങളുമെങ്ങനെ കടന്നുവന്നുവെന്നതു സംബന്ധിച്ച് ഇബ്നുഅബ്ബാസിന്റെ വിവരണം സ്വഹീഹുൽ ബുഖാരിയിൽ ഇങ്ങനെ വായിക്കാം.

اَسْمَاءُ رِجَالٍ صَالِحِينَ مِن قَوْمِ نُوحٍ وَلَمَّا هَلَكُوا اَوْحَى الشَّيْطَانُ اِلَى قَوْمِهِمْ اَنِ انصِبُوا اِلَى مَجَالِسِهِمُ الَّتِي كَانُوا يَجْلِسُونَ اَنصَابًا وَسَمُّوهَا بِأَسْمَائِهِم فَفَعَلُوا فَلَمْ تُعْبَدْ حَتَّى اِذَا هَلَكَ اُولَئِكَ وَتَنَسَّخَ الْعِلْمُ عُبِدَتْ ه (بخاري كتاب التفسير)

(നൂഹ്നബിയുടെ ജനതയിലെ സദ്വൃത്തരായ ചിലയാളുകളുടെ നാമങ്ങളാണിത്. ഇവർ മരിച്ചപ്പോൾ പിശാച് ആ ജനതക്ക് ദുർബോധനം നല്കി: ഈ മഹാന്മാർ ഇരുന്നിരുന്ന ഇടങ്ങളിൽ ഇവരുടെ രൂപത്തിൽ കുറെ ബുദ്ദുകളെ നാട്ടിവയ്ക്കുക. അവയ്ക്ക് ഇവരുടെ പേരുകൾ നല്കുക. ഈ ദുർബോധനത്തിനു വശംവദരായി അവരങ്ങനെ ചെയ്തു. പക്ഷേ, അന്ന് ഇവ പൂജിക്കപ്പെട്ടിരുന്നില്ല. ഈ തലമുറ തീർത്തും മരിച്ചുതീരുകയും ഈ ബുദ്ദുകളെക്കുറിച്ച് അറിവു തീർത്തും തേഞ്ഞുമാഞ്ഞു പോവുകയും ചെയ്തതിൽ പിന്നെയാണ് ഇവയെ പൂജിക്കപ്പെട്ടത്-ബുഖാരി: കിതാബുത്തഫ്സീർ.)

ഈ വസ്തുത നബി(സ) തങ്ങൾ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. തിരുമേനി(സ)യുടെ ഭാര്യയായിരുന്ന ഉമ്മുഹബീബ(റ)യും ഉമ്മുസലമ(റ)യും അബ്സീനിയയിലേക്ക് ഹിജ്റ പോയിരുന്ന കാലത്ത് അവിടെ കണ്ട ഒരു ക്രിസ്ത്യൻ ദേവാലയത്തിന്റെയും അതിലുള്ള ശില്പങ്ങളുടെയും അത്ഭുതം വിവരിച്ചപ്പോൾ നബി(സ) തങ്ങൾ പ്രതികരിച്ചു:

انّ اولئك اذاكان فيهم الرجل الصالح فمات بنوا على قبره مسجدا وصوروا فيه تلك الصور فأولئك شرار الخلق عندالله يوم القيمة

(ആ ജനത അവരിൽ ഒരു സദ്വൃത്തൻ ജീവിക്കുകയും അയാൾ മരണപ്പെടുകയും ചെയ്താൽ അയാളുടെ ഖബ്റിനു മുകളിൽ ഒരു ദേവാലയമുണ്ടാക്കും. അവിടെ അത്തരം ശില്പങ്ങൾ നിർമ്മിച്ചുവയ്ക്കും. അന്ത്യനാളിൽ അല്ലാഹുവിങ്കൽ സൃഷ്ടികളിൽ ഏറ്റം നികൃഷ്ടർ ഇവരാണ്-ബുഖാരി: കിതാബുസ്സലാത്ത്).

സജ്ജനങ്ങളുടെ മരണാനന്തരം അവരുടെ ഓർമ്മയ്ക്കായി സ്ഥാപിക്കപ്പെട്ട ശില്പങ്ങളാണ് തലമുറകൾക്കു ശേഷം പൂജാദൈവങ്ങളും വിഗ്രഹങ്ങളുമായി പരിണമിച്ചതെന്നാണ് ഇപ്പറഞ്ഞതിന്റെ ചുരുക്കം. ഈ രണ്ടു നടപടിയും ഇബ്ലീസിന്റെ പ്രേരണ നിമിത്തം പിറവി കൊള്ളുന്നതാണ്. മുഹമ്മദുബ്നു ഖൈസ്(റ) വിവരിച്ചതായി ഇബ്നുജരീർ(റ) തന്റെ തഫ്സീറിൽ വിവരിച്ചതു കാണുക:

كانوا قوما صالحين بين آدم ونوح ، وكان لهم أتباع يقتدون بهم، فلما ماتوا قال أصحابهم الذين كانوا يقتدون بهم: لو صورناهم كان اشوق لنا إلى العبادة إذا ذكرناهم، فصوروهم، فلما ماتوا وجاء آخرون دب إليهم إبليس اللعين فقال: إنما كانوا يعبدونهم وبهم يسقون المطر، فعبدوهم.

(ആദംനബി(അ)യുടെയും നഹ്നബി(അ)യുടെയും ഇടക്കാലത്തു ജീവിച്ച സജ്ജനങ്ങളായിരുന്നു വദ്ദ്, സുവാഅ്.... എന്നിവരെല്ലാം. അവരെ മാതൃകയാക്കി ജീവിക്കുന്ന കുറേ അനുഗാമികളും അവർക്കുണ്ടായിരുന്നു. ഈ സജ്ജനങ്ങൾ മരിച്ചപ്പോൾ അനുഗാമികൾ അഭിപ്രായപ്പെട്ടു: ഇവരുടെ ശില്പങ്ങളുണ്ടാക്കി വച്ചാൽ അതു കണ്ട് അവരെ ഓർക്കുമ്പോൾ നമുക്കത് ഇബാദത്തിന് കൂടുതൽ ആവേശം നല്കും. അങ്ങനെ അവർ ശില്പങ്ങളുണ്ടാക്കി. ഈ തലമുറ മരിച്ച ശേഷം മറ്റു കൂട്ടർ വന്നപ്പോൾ അഭിശപ്തനായ ഇബ്ലീസ് പതുക്കെ വന്ന് അവർക്കു ദുർബോധനം നല്കി: നിങ്ങളുടെ പൂർവ്വഗാമികൾ ഈ ശില്പങ്ങളെ ആരാധിക്കുകയായിരുന്നു. ഈ ആരാധ്യദൈവങ്ങളെക്കൊണ്ടാണ് അവർക്കു മഴവെള്ളം ലഭിച്ചിരുന്നത്! ഇതുകേട്ട്

*ബഹുദൈവവിശ്വാസമെന്ന അബദ്ധാശയം മനുഷ്യർക്കു നല്കിയത് പിശാചാണ്. ഇതിനു ദൈവങ്ങളെയൊരുക്കിക്കൊടുത്തതും ഇബ്‌ലീസുതന്നെ. ആ ദൈവങ്ങൾക്കുള്ള പൂജകൾ പഠിപ്പിച്ചതും ചെകുത്താനല്ലാതെ മറ്റാരുമല്ല. അതുകൊണ്ടുതന്നെ വിഗ്രഹദൈവങ്ങൾക്കുള്ള ഏതു പൂജകളും യഥാർത്ഥത്തിൽ ഇബ്‌ലീസിനുള്ള പൂജയാണ്.*

പിൻതലമുറ ഈ ശില്പങ്ങളെ പൂജിച്ചുതുടങ്ങി-ഇബ്നുജരീർ 29-117).

ഇബ്നുഅബീഹാതം തന്റെ തഫ്സീറിൽ ഇതിന്റെ വിശദരൂപം ഇങ്ങനെ ഉദ്ധരിക്കുന്നു.

"അബൂജഅ്ഫർ മുഹമ്മദുനിൽ ബാഖിർ(റ) നമസ്കരിച്ചുകൊണ്ടിരിക്കെ സമീപത്തു വച്ച് സുഹൃത്തുക്കൾ യസീദുബ്നുൽ മുഹല്ലബിന്റെ കാര്യം പറഞ്ഞു. നമസ്കാരാനന്തരം അബൂജഅ്ഫർ(റ) പറഞ്ഞു: നിങ്ങൾ യസീദുബ്നു മുഹല്ലബിനെ പറഞ്ഞല്ലോ. അല്ലാഹുവിനല്ലാതെ ഈ ഭൂമിമണ്ണിൽ ആദ്യമായി പൂജ നടന്ന പ്രദേശത്താണ് യസീദ് കൊല്ലപ്പെട്ടത്. വദ്ദ് എന്നയാൾ സ്വാലിഹായ ഒരു മനുഷ്യനായിരുന്നു. ജനങ്ങൾക്കു പ്രിയങ്കരൻ. അദ്ദേഹം മരിച്ചപ്പോൾ ദുഃഖം സഹിക്കാനാവാതെ ജനങ്ങൾ ബാബിൽ പ്രദേശത്തുള്ള അദ്ദേഹത്തിന്റെ ഖബ്റിനു ചുറ്റും തമ്പടിച്ചു. ശപിക്കപ്പെട്ട ഇബ്‌ലീസ് ജനങ്ങളുടെ ഈ ദുഃഖവും പൊറുതികേടും കണ്ടപ്പോൾ മനുഷ്യരൂപത്തിൽ അവതരിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു: ഈ മനുഷ്യന്റെ പേരിലുള്ള നിങ്ങളുടെ അസഹ്യമായ ദുഃഖം ഞാൻ കാണുന്നു. അയാളുടെ ഒരു പ്രതിമ ഞാൻ നിങ്ങൾക്കുണ്ടാക്കിത്തന്നാലോ?! നിങ്ങളുടെ സദസ്സിൽ ഈ പ്രതിമ വച്ചാൽ നിങ്ങൾക്കയാളെ എന്നും ഓർക്കാമല്ലോ. അവർ സന്തോഷപൂർവ്വം അതു സമ്മതിച്ചു. ഇബ്‌ലീസ് അവർക്കൊരു പ്രതിമയുണ്ടാക്കി നല്കി. അതിനെ സദസ്സിൽ പ്രതിഷ്ഠിച്ച് അവർ സ്മരിച്ചുകൊണ്ടിരുന്നു. ആവേശം കണ്ടപ്പോൾ ഓരോരുത്തർക്കും വീട്ടിൽ വയ്ക്കാൻ ഓരോ പ്രതിമകൾ തന്നാലോ എന്നായി ഇബ്‌ലീസ്. അവർ സന്തോഷത്തോടെ സ്വീകരിച്ചു. അങ്ങനെ ഓരോ വീട്ടുകാർക്കും വദ്ദിന്റെ ആകൃതിയിൽ പ്രതിമയുണ്ടാക്കി ഇബ്‌ലീസ് അവർക്കു നല്കി. ഇത് വീട്ടിൽ വച്ച് അവർ ആ മഹാമനീഷിയെ സ്മരിച്ചുകൊണ്ടേയിരുന്നു. ഇവരുടെ മക്കൾ പിതാക്കൾ ചെയ്യുന്ന പ്രവൃത്തികൾ കണ്ടുകൊണ്ടിരുന്നു. മക്കൾക്കു മക്കളും പിൻതലമുറയുമുണ്ടായി. ആ സദ്വൃത്തരുടെയും അവരുടെ ഓർമ്മയുടെയും കാര്യം പിൻതലമുറയിൽ തേഞ്ഞുമാഞ്ഞില്ലാതായി. ഇവർ ആ പ്രതിമയെ ദൈവമാക്കി ആരാധിക്കാൻ തുടങ്ങി. അതായത്, ഉണ്ടാക്കിയവരുടെ മക്കളുടെ മക്കൾപരമ്പരയിലാണിതു സംഭവിച്ചത്. അങ്ങനെ അല്ലാഹുവിനുപുറമെ ആദ്യം പൂജിക്കപ്പെട്ട ദൈവം 'വദ്ദ്' ആണ്. അതെ, വദ്ദ് എന്ന് അവർ പേരുവിളിച്ച വിഗ്രഹം!" (അൽബിദായത്തു വന്നിഹായ: 1-122)

അപ്പോൾ സജ്ജനങ്ങളുമായി സമ്പർക്കമുണ്ടായിരുന്ന ജനതക്ക് ഓർക്കാനും സ്മരിക്കാനും അല്ലാഹുവിന്റെ ഇബാദത്തിൽ ആവേശം പകരാനുമായി അവരുടെ പ്രതിമ നിർമ്മിച്ചു നല്കിയതും, ഇവകൊണ്ട് പിതാമഹന്മാർ ചെയ്തിരുന്നതെന്തെന്നും അവരുടെ ലക്ഷ്യമെന്തെന്നും തിരിയാത്ത ജനതയിൽ ഇവയെ പൂജിക്കുവാനുള്ള ഉപദേശങ്ങൾ പകർന്ന് അവരെ ബഹുദൈവ വിശ്വാസികളും വിഗ്രഹപൂജകരുമാക്കിയതും മനുഷ്യകുലത്തിന്റെ ആജന്മ ശത്രു ഇബ്‌ലീസു തന്നെ!

ചുരുക്കത്തിൽ ബഹുദൈവവിശ്വാസമെന്ന അബദ്ധാശയം മനുഷ്യർക്കു നല്കിയത് പിശാചാണ്. ഇതിനു ദൈവങ്ങളെയൊരുക്കിക്കൊടുത്തതും ഇബ്‌ലീസുതന്നെ. ആ ദൈവങ്ങൾക്കുള്ള പൂജകൾ പഠിപ്പിച്ചതും ചെകുത്താനല്ലാതെ മറ്റാരുമല്ല. അതുകൊണ്ടുതന്നെ വിഗ്രഹദൈവങ്ങൾക്കുള്ള ഏതു പൂജകളും യഥാർത്ഥത്തിൽ ഇബ്‌ലീസിനുള്ള പൂജയാണ്. അവന്റെ ദുർബോധനത്തിനു വഴിപ്പെടലും അനുസരിക്കലുമാണ്. ഇതുകൊണ്ടാണ് അല്ലാഹുവിന്റെ ദൂതന്മാരെല്ലാം

അല്ലാഹുവിനെ ഇബാദത്തു ചെയ്യുക, അതിക്രമിയായ ഇബ്ലീസിനെ വർജ്ജിക്കുക എന്ന ദൌത്യവാക്യത്തിൽ ഏകോപിച്ചത്. നാടും സമൂഹവും ഗോത്രവും കുലങ്ങളും ഭാഷയും സംസ്കാരങ്ങളും മാറുന്നതിനനുസരിച്ചെല്ലാം ദൈവങ്ങളിൽ വ്യത്യാസമുണ്ടല്ലോ. പലനാട്ടിൽ ബഹുദൈവങ്ങൾ ബഹുവിധമാണ്. എന്നാൽ, ഇവയെല്ലാം പിശാചിന്റെ ദുർബോധനങ്ങളാൽ സ്ഥാപിതമായതാണ്. അപ്പോൾ പിശാചിനെ വെടിഞ്ഞാൽ ബഹുദൈവങ്ങളെ വെടിയലായി. നൂഹ്നബി(അ)ക്കു ശേഷം അയക്കപ്പെട്ട ദൂതന്മാരെല്ലാം ഈ ആശയമാണ് പഠിപ്പിച്ചതെന്ന് ഖുർആൻ പറയുന്നു.

ولقد بعثنا في كلّ امة رسولا ان اعبدوااللّه واجتنبوا الطاغوت – النحل

ഇമാം ത്വബ്രി(റ) ഈ ആയത്തിനെ വിശദീകരിച്ചതിങ്ങനെ:

يقول تعالي ذكره: ولقد بعثنا ايّهاالناس في كل امّة سلفت قبلكم رسولا كما بعثنا فيكم بان اعبدواالله وحده لاشريك له وافردوا لهالطاعة واخلصوا له العبادة(واجتنبوا الطاغوت) يقول وابعدوا من الشيطان واحذروا ان يغويكم ويصدكم عن سبيل اللّه فتضلّوا.

(മനുഷ്യരേ, നിങ്ങൾക്കു മുമ്പു കഴിഞ്ഞ ഏതുസമുദായത്തിലേക്കും നിങ്ങളിലേക്കയച്ചതു പോലെ നാം റസൂലിനെ അയച്ചത് അല്ലാഹുവിനു മാത്രം കൂട്ടുചേർക്കാതെ ഇബാദത്തു ചെയ്യുക, അവന്നുമാത്രം വഴിപ്പെടുക എന്നും പിശാചിനെ ത്തൊട്ടകന്നു നില്ക്കുക, അവൻ നിങ്ങളെ പിഴപ്പിക്കുന്നതു കാത്തുസൂക്ഷിക്കുക എന്നുമുള്ള ദൗത്യവുമായാണ്-ജാമിഉൽബയാൻ 14-125)

الم اعهد اليكم يابني آدم ان لا تعبدواالشيطان انه لكم عدوّمبين

എന്ന സൂറ: യാസീനിലെ 60-ാം സൂക്തത്തിൽ, 'ശൈത്വാനിനു ഇബാദത്തു ചെയ്യരുതെന്ന് ആദം മക്കളേ നിങ്ങളോടു ഞാൻ വസ്വിയ്യത്തു ചെയ്തില്ലയോ' എന്ന് അല്ലാഹു പറഞ്ഞതും വിഗ്രഹപൂജയും പാപങ്ങളുമെല്ലാം യഥാർത്ഥത്തിൽ പിശാചിനുള്ള വഴിപ്പെടലാണെന്നും അവന്റെ ദുർബോധനങ്ങൾക്കു വഴങ്ങലാണെന്നും വ്യക്തമാക്കുകയാണ്.(തഫ്സീർ റാസി: 26-97 നോക്കുക).

ആകയാൽ മനുഷ്യകുലത്തിൽ ഇദംപ്രഥമമായി ബഹുദൈവവിശ്വാസം കടന്നുവന്നത് ഇബ്ലീസിലൂടെയാണ്. ബഹുദൈവങ്ങളുടെ സ്രഷ്ടാവും അവൻതന്നെ. നൂഹ്നബി(അ)യുടെ കാലത്ത് ആരംഭിച്ച ഇതേ ശിർക്കു തന്നെയാണ് ഇന്നും നിലനില്ക്കുന്നത്. ഇബ്ലീസു തന്നെയാണ് ഇന്നും അതിന്റെ ഉപജ്ഞാതാവ്. സദ്വൃത്തരോട് ആദരവും ബഹുമാനവുമുണ്ടായിരുന്ന ജനങ്ങൾക്ക് അവരെ ഓർക്കാനും സ്മരിക്കാനുമായി പ്രതിമകളുണ്ടാക്കിക്കൊടുത്ത ശേഷം പടിപടിയായി ചെകുത്താൻ ഒപ്പിച്ചെടുത്തതാണ് ശിർക്കും വിഗ്രഹപൂജയും. ഇബാദത്തിന് ആവേശം പകരാനെന്ന വ്യാജേന നിർമ്മിച്ചുകൊടുത്ത പ്രതിമകൾ ആ തലമുറയിൽ പൂജ്യദൈവങ്ങളായിരുന്നില്ല. സജ്ജനങ്ങളെ ഓർക്കാനുള്ള മാധ്യമങ്ങൾ മാത്രമായിരുന്നു അവർക്ക് ഈ ശില്പങ്ങൾ. ഇതിനെ ശിർക്കെന്നും വിഗ്രഹപൂജയെന്നും പറയില്ലെന്ന് മുകളിലെ ഹദീസിലെ فلم تعبد എന്ന വാക്കു തന്നെ വ്യക്തമാക്കുന്നു. എങ്കിലും ഇതു പൈശാചികമാണ്. അല്ലാഹുവിന് ഏറ്റവും ക്രോധമുള്ളതാണ് ജീവികളുടെ ശില്പനിർമ്മാണം. മരിച്ച സജ്ജനങ്ങളുടെ ഓർമ്മക്കായാലും ഇതു തെറ്റാണ്. പിശാച് ഒരുക്കിയ ഒരു കെണിവലയായിരുന്നു ഇത്. ഈ തലമുറക്കു ശേഷം സദ്വൃത്തരുടെ പ്രതിമകളാണെന്ന അറിവും ചിന്തയും തീർത്തും തേഞ്ഞുമാഞ്ഞുപോയപ്പോൾ മുൻതലമുറ പൂജിച്ചിരുന്ന ദൈവങ്ങളാണ്-ഇലാഹുകളാണ്-ഇവയെന്നും ഇവയ്ക്ക് ഇബാദത്തു ചെയ്യുന്നതിനാണ് അവർ ഇതു പ്രതിഷ്ഠിച്ചിട്ടുള്ളതെന്നും പിൻതലമുറക്ക് തെറ്റായ ബോധനം നല്കിക്കൊണ്ടാണ് ചെകുത്താൻ അവരെ ബഹുദൈവവിശ്വാസികളാക്കിയത്. ഈ വസ്തുത ബുഖാരി റിപ്പോർട്ടു ചെയ്ത മേൽ ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

ഇങ്ങനെ ബഹുദൈവവിശ്വാസികളായിക്കഴിഞ്ഞ ജനതയിലേക്കാണ് പ്രഥമറസൂലായി നൂഹ്നബി(അ)യെ നിയോഗിക്കപ്പെട്ടത്. ആയിരത്തോളം വർഷ

ത്തെ നിരന്തരമായ പ്രബോധനപ്രവർത്തനങ്ങൾ നടത്തിയിട്ടും വിരലിലെണ്ണാവുന്നവരല്ലാതെ തൗഹീദിലേക്കു വന്നില്ല. ഇനിയാരും വിശ്വാസികളാവുകയില്ലെന്ന് അല്ലാഹുവിന്റെ അറിയിപ്പും വന്നു. ഇതേതുടർന്ന്, ഇവരെ നശിപ്പിക്കുവാൻ നൂഹ്നബി(അ) പ്രാർത്ഥിച്ചതനുസരിച്ചാണ് പ്രസിദ്ധമായ ജലപ്രളയമുണ്ടായത്. ജനതയോടൊപ്പം അവരുടെ വിഗ്രഹങ്ങളും പ്രളയത്തിൽ മുങ്ങിയിരുന്നു. പ്രളയജലം വറ്റിക്കഴിഞ്ഞ ശേഷം നിർമ്മാതാവ് ഇബ്‌ലീസ് തന്നെയാണ് അവ പുറത്തെടുത്ത് ഭൂമിയിൽ വീണ്ടും വിഗ്രദൈവങ്ങളും പൂജയും വ്യാപകമാക്കിയതെന്ന് ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. (ഫത്ഹുൽബാരി: 8-542 നോക്കുക)

പ്രളയശേഷം വിഗ്രഹപൂജകരായ ബഹുദൈവവിശ്വാസികളിൽ ആദ്യത്തെ ജനത ആദ് ഗോത്രക്കാരായിരുന്നു. നൂഹിന്റെ പുത്രൻ സാമിന്റെ മകൻ ഔസിന്റെ പുത്രനാണ് ആദ്. ഇവർ അറബികളായിരുന്നു. 'അഹ്ഖാഫി'ലാണ് ഇവർ താമസിച്ചിരുന്നത്. മണൽക്കുന്നുകളെന്നാണ് ഇതിനർത്ഥം. അന്നു യമനിൽ പെട്ടതായറിയപ്പെട്ടിരുന്ന ഒമാനിനും ഹള്റമൗത്തിനും ഇടയിലായിരുന്നു ഈ പ്രദേശം. ഇവരുടെ



*ഇവിടെയൊന്നും വഹ്ഹാബികൾ പ്രചരിപ്പിക്കുംപോലെ സദ്‌വൃത്തരോടുള്ള അനുരാഗവും ആദരവും നിമിത്തമായി വരുന്നില്ല. സജ്ജനങ്ങളുടെ ഖബ്ർപൂജയിൽ നിന്നാണ് ബിംബാരാധനയുടെയും ബഹുദൈവവിശ്വാസത്തിന്റെയും തുടക്കമെന്ന അവരുടെ കുപ്രചാരണം ഈ വകചരിത്രങ്ങളൊന്നും അറിയാതെ കേവലം ഊഹത്തെ അടിസ്ഥാനമാക്കി ജല്പിക്കുന്നതാണ്. അതല്ലെങ്കിൽ മനഃപൂർവ്വം കെട്ടിച്ചമച്ചു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്.*

വിഗ്രദൈവങ്ങൾ മൂന്നെണ്ണമായിരുന്നു. നൂഹി(അ)ന്റെ ജനതയുടെ ദൈവനാമങ്ങളായിരുന്നില്ല ഇവയ്ക്ക്. സ്വദ്ദ്(صد), സ്വമൂദ്(صمود), വഹ്ർ(وهر) എന്നീ പേരുകളിലായിരുന്നു ഇവരുടെ ദൈവങ്ങൾ(അൽബിദായത്തു വന്നിഹായ: 1-141).

ഇങ്ങനെ വ്യത്യസ്ത നാമങ്ങളിലുള്ള ബഹുദൈവങ്ങളെയാണ് അഭിശപ്തനായ ഇബ്‌ലീസ് മനുഷ്യർക്കുണ്ടാക്കിക്കൊടുത്തത്. വിവിധ പേരുകളിൽ ഈ സാത്താനിക്‌ദൈവങ്ങൾ പൂജിക്കപ്പെട്ടുവന്നു. എന്നാൽ, ഇസ്മാഈലീ പരമ്പരയിൽ മക്കയിലുള്ള അറബികൾക്കിടയിൽ പ്രചരിച്ചിരുന്ന വിഗ്രഹദൈവങ്ങൾ നൂഹ്നബി(അ)യുടെ കാലത്തുള്ള അതേ നാമങ്ങളിലാണ് പുനർജ്ജനിച്ചത്. വദ്ദ്, സുവാഅ്, യഊഖ്, യഗൂസ് എന്നീ വിവിധ പേരുകളിലായിരുന്നു ഈ അറേബ്യൻ ജനതയുടെ ദൈവങ്ങൾ. ഓരോ ദൈവങ്ങളും ഓരോ കുലത്തിന്റെ ദൈവങ്ങളായിരുന്നു. ഇബ്നുഅബ്ബാസ്(റ) പ്രസ്താവിച്ചതായി ഇമാം ബുഖാരി(റ) റിപ്പോർട്ടു ചെയ്യുന്നു.

صَارَتِ الْأَوْثَانُ الَّتِي كَانَتْ فِي قَوْمِ نُوحٍ فِي الْعَرَبِ بَعْدُ. أَمَّا وَدٌّ فَكَانَتْ لِكَلْبٍ بِدُومَةِ الْجَنْدَلِ وَأَمَّا سُوَاعٌ فَكَانَتْ لِهُذَيْلٍ وَأَمَّا يَغُوثُ فَكَانَتْ لِمُرَادٍ ثُمَّ لِبَنِي غُطَيْفٍ بِالْجُرُفِ عِنْدَ سَبَأٍ وَأَمَّا

يَعُوقُ فَكَانَتْ لِهَمْدَانَ وَأَمَّا نَسْرٌ فَكَانَتْ لِحِمْيَرَ لِآلِ ذِي الْكَلَاعِ

(നൂഹ്നബി(അ)യുടെ ജനതയിലുണ്ടായിരുന്ന വിഗ്രഹങ്ങൾ പിന്നീട് അറബികളിലായി. കൽബ് ഗോത്രത്തിന്റെ കുലദൈവമായിരുന്നു വദ്ദ്. ശാമിൽ ഇറാഖിനോടടുത്ത പട്ടണമായ ദൂമത്തുൽജൻദലിലാണ് ഇതിന്റെ പ്രതിഷ്ഠ. സുവാഅ് ഹുദൈൽ ഗോത്രത്തിന്റെ ദൈവമായിരുന്നു.(മക്കക്കു സമീപം رهاط എന്ന പ്രദേശത്തായിരുന്നു ഇത്). യഗൂസ്, മുറാദ് ഗോത്രക്കാർക്കും ശേഷം അവരിലെ ബനൂഗുതൈഫിനും ദൈവമായിരുന്നു. സബഇനു സമീപം ജുർഫിലായിരുന്നു ഇത്. യഊഖ്, ഹംദാൻ ഗോത്രക്കാരുടേതായിരുന്നു. അവരുടെ പ്രദേശത്തു തന്നെ. നസ്റ്, ഹിംയറിന്റെ ദൈവമാണ്. ദിൽകലാഅ് ഗോത്രക്കാരുടേത്.-ബുഖാരി-കിതാബുത്തഫ്സീർ-സൂറത്തുന്നൂഹ്)

പ്രളയത്തിനു ശേഷം സഹസ്രാബ്ദങ്ങൾ കഴിഞ്ഞ് ഇതേനാമങ്ങളും ദൈവങ്ങളും അറബികൾക്കെങ്ങനെ ലഭിച്ചു? പല അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ ഇമാമുകൾ രേഖപ്പെടുത്തുന്നുണ്ട്. പ്രളയശേഷം ഈ നാമങ്ങൾ ആദ്യമായി ഉടലെടുത്തത് ഇന്ത്യയിലാണെന്നും അവരാണു തങ്ങളുടെ വിഗ്രഹദൈവങ്ങൾക്ക് ഇതേ നാമങ്ങൾ നല്കിയതെന്നുമാണ് ഒരഭിപ്രായം. അവർവഴി വീണ്ടും പ്രചരിച്ച ഈ നാമങ്ങൾ, അറബികളിലേക്ക് വിഗ്രഹദൈവങ്ങളെ ഇറക്കുമതി ചെയ്ത അംറുബ്നുലുഹയ്യിലൂടെ കടന്നുവരികയായിരുന്നു. അതല്ല, നൂഹി(അ)ന്റെ ജനതക്കു ദുർബോധനം നല്കിയ പോലെ പിശാച് അറബികൾക്കും ബോധനം നല്കിയതാകാനും വഴിയുണ്ടെന്ന് ചരിത്രപണ്ഡിതൻ കൂടിയായ ഇമാം സുഹൈലി അഭിപ്രായപ്പെടുന്നു. ഇമാം ഫാകിഹിയുടെ റിപ്പോർട്ട് ഇതിനെ ബലപ്പെടുത്തുന്നുണ്ട്. അംറുബ്നു റബീഅ(ഇയാൾ തന്നെയാണ് അംറുബ്നു ലുഹയ്യ്:)ക്ക് ഒരു ജിന്നുകൂട്ടാളിയുണ്ടായിരുന്നു. അയാൾ ഒരിക്കൽ വന്ന് ഇങ്ങനെ പറഞ്ഞുവത്രെ.

اجب ابا ثمامة ؛ وادخل بلا ملامة ؛ ثمّ ائت سيف جدّة، تجدبها اصناما معدة،ثمّ اوردها

تهامة ولاتهب؛ ثمّ ادع العرب الى عبادتها تجب

(അബൂസുമാമ:യുടെ വിളി കേൾക്കുക. സന്തോഷത്തോടെ പ്രവേശിക്കുക. ജിദ്ദയുടെ തീരദേശത്ത് ചെല്ലുക. അവിടെ ഒരുക്കപ്പെട്ട ഏതാനും ബിംബങ്ങൾ കാണും. അതിനെ തിഹാമയിലേക്ക് കൊണ്ടുവരിക. പേടിക്കേണ്ട; അറബികളെ ഈ ബിംബങ്ങളെ ആരാധിക്കുന്നതിനായി ക്ഷണിക്കുക. അവരുത്തരം നല്കും) ജിന്നിന്റെ ഈ ഉപദേശപ്രകാരം അയാൾ ജിദ്ദയുടെ തീരപ്രദേശത്തു ചെന്നപ്പോൾ വദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്റ് എന്നീ വിഗ്രഹങ്ങൾ ലഭിച്ചു. നൂഹ്നബി(അ)യുടെയും ഇദ്രീസി(അ)ന്റെയും കാലത്ത് പൂജിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങളാണിവ. ജലപ്രളയത്തിൽ ആ കടൽതീരത്തു വന്നടിയുകയും മണൽ വീണു മൂടിക്കിടക്കുകയുമായിരുന്നു. അംറ് അവ മാന്തിയെടുത്ത് തിഹാമ:യിലേക്കു പോയി. അവിടെ ചന്തയിൽ ചെന്ന് ഇതിന്റെ പൂജയിലേക്ക് ആളുകളെ ക്ഷണിച്ചു. ആളുകൾ അതു സ്വീകരിക്കുകയും ചെയ്തു.(ഫത്ഹുൽബാരി 8-542)

خزاعة ഗോത്രക്കാരനായ അംറുബ്നു ലുഹയ്യാണ് വിഗ്രഹദൈവങ്ങളും ബിംബപൂജയും അറബികളിലേക്ക് ഇറക്കുമതി ചെയ്തയാളെന്നത് അവിതർക്കിതമാണ്. "ഖുസാഈ ഗോത്രക്കാരനായ അംറുബ്നു ആമിറിബ്നി ലുഹയ്യ് തന്റെ ആമാശയവും വലിച്ച് നരകത്തിൽ നടക്കുന്നതായി ഞാൻ കണ്ടു. അയാളാണ് വിഗ്രഹങ്ങളെ പൂജിക്കുകയും വിഗ്രഹങ്ങൾക്ക് മൃഗങ്ങളെ വഴിപാടാക്കുകയും ചെയ്ത ആദ്യത്തെയാൾ" എന്ന് നബി(സ)തങ്ങൾ പ്രസ്താവിച്ചതായി ബുഖാരി, മുസ്‌ലിം, അഹ്മദ്തുടങ്ങിയവർ നിവേദനം ചെയ്ത ഹദീസുകളിലുണ്ട്. ഇയാളുടെ ഗോത്രമായ ഖുസാഅത്തുകാരുടെ അധികാരത്തിലായിരുന്നു വിശുദ്ധ കഅ്ബ:. മുന്നൂറു കൊല്ലത്തോളം ഇവരായിരുന്നു അതിന്റെ അധിപന്മാർ. അവരുടെ കാലത്താണ് ഹിജാസിൽ വിഗ്രഹപൂജ ഉടലെടുത്തത്. ഇയാളായിരുന്നു അന്നവരുടെ തലവൻ. വലിയ സമ്പന്നനായിരുന്നു ഇയാൾ. ഇരുപതിനായിരത്തിൽ പരം ഒട്ടകങ്ങൾ ഇയാൾക്കു സ്വന്തമായുണ്ടായിരുന്നു. ആയിരം ഒട്ടകങ്ങൾ ഒരാളുടെ ഉടമസ്ഥതയിൽ വന്നാൽ അവയ്ക്കു കണ്ണേറു പറ്റാതിരിക്കാൻ അവയിൽ ഒരൊട്ടകത്തിന്റെ കണ്ണ് ചൂഴ്ന്നെടുക്കുക പതിവായിരുന്നു.

ഇങ്ങനെ ഇരുപത് ഒട്ടകങ്ങളെ ഇയാൾ കണ്ണു ചൂഴ്ന്നിരുന്നു. അപ്പോൾ 20,000 ഒട്ടകങ്ങളുടെ മുതലാളിയാണിയാൾ. ചില ഹജ്ജുവേളകളിൽ പതിനായിരം ഒട്ടകങ്ങളെ അറത്ത് മാംസം ദാനം ചെയ്യുകയും പതിനായിരം പേർക്കു വസ്ത്രവിതരണം നടത്തുകയും ചെയ്തിരുന്നുവത്രെ ഇയാൾ. ഹജ്ജുകാലത്ത് കാരക്കയും നെയ്യും പാൽക്കട്ടിയും ചേർത്ത പലഹാരങ്ങളും ഗോതമ്പിന്റെയും യവത്തിന്റെയും പൊടികൊണ്ടുണ്ടാക്കിയ തരിക്കഞ്ഞിയുമെല്ലാം ഇയാൾ ദാനം ചെയ്യുമായിരുന്നു. അതിനാൽ, ഇയാളുടെ വാക്കുകളും നിർദ്ദേശങ്ങളും വേദവാക്യം കണക്കെ സാധുജനങ്ങൾ പിൻപറ്റിയിരുന്നു. വിഗ്രഹദൈവങ്ങളിലേക്കും പൂജയിലേക്കും ഇദ്ദേഹം ക്ഷണിച്ചപ്പോൾ ജനം പെട്ടെന്നു സ്വീകരിച്ചതും ഇതുകൊണ്ടാണ്.

ഇബ്റാഹീംനബി(അ)യുടെ ദീനിന്റെ ആചാരങ്ങൾ പലതും മാറ്റിമറിച്ചത് ഇയാളാണ്. ദുഷിച്ച പല ആചാരങ്ങളും അന്ധമായ അബദ്ധവിശ്വാസങ്ങളും അറബുസമൂഹത്തിനു പകർന്നുനല്കിയതും ഇയാൾതന്നെ. നൂഹ്നബി(അ)യുടെ കാലത്തെ വിഗ്രഹങ്ങൾ പിശാചിന്റെ നിർദ്ദേശപ്രകാരം ജിദ്ദ കടൽതീരത്തു നിന്ന് കൊണ്ടുവന്ന് വിഗ്രഹപൂജ പ്രചരിപ്പിച്ചത് മുകളിൽ പറഞ്ഞുവല്ലോ. മക്കയിൽ വിശുദ്ധ കഅ്ബത്തിനകത്തു പ്രതിഷ്ഠിച്ചിരുന്ന വലിയ വിഗ്രഹമാണ് ഹുബൽ. കഅ്ബക്കുള്ളിൽ ഒരു കുഴിയിലായിരുന്നു പിന്നീട് ഖുറൈശികൾ ഹുബൽ ദേവനെ പ്രതിഷ്ഠിച്ചിരുന്നത്. ഇതും അദ്ദേഹം ഇറക്കുമതി ചെയ്തതാണ്. അല്ലാമ: ഇബ്നുകസീർ ഉദ്ധരിക്കുന്നു: മക്കയിൽ നിന്നു ശാമിലേക്ക് എന്തോ ആവശ്യത്തിനു പോയ അംറുബ്നുലുഹയ്യ് ബൽഖായിലെ 'മആബ്' എന്ന സ്ഥലത്തെത്തിയപ്പോൾ തദ്ദേശീയരായ അമാലീഖ് ഗോത്രം വിഗ്രപൂജ നടത്തുന്നതായി കണ്ടു. അദ്ദേഹം ചോദിച്ചു: ഇതെന്താണ് നിങ്ങൾ പൂജിക്കുന്ന ഈ ബുദ്ധുകൾ? അവർ പറഞ്ഞു: ഞങ്ങൾ ഇബാദത്തു ചെയ്യുന്ന വിഗ്രഹങ്ങളാണിവ. ഇവയോടാണ് ഞങ്ങൾ മഴ ആവശ്യപ്പെടുന്നത്. ഇവ ഞങ്ങൾക്ക് മഴ നല്കുന്നു. സഹായം തേടിയാൽ സഹായിക്കുകയും ചെയ്യുന്നു. ഇയാൾ ചോദിച്ചു: അവയിൽ ഒരെണ്ണം എനിക്കു നല്കുമോ? അറബുനാട്ടിലേക്കു കൊണ്ടുപോകാൻ! അവരതിനെ പൂജിച്ചുകൊള്ളും. അങ്ങനെ ഇവർ നല്കിയതാണ് 'ഹുബ്ൽ' എന്ന വിഗ്രഹം. ഇതിനെ കഅ്ബക്കകത്തു പ്രതിഷ്ഠിച്ച ശേഷം ഇതിനെ പൂജിക്കാൻ അയാൾ നിർദ്ദേശിച്ചു. (അൽബിദായത്തു വന്നിഹായ: 2-81)

വിഗ്രപൂജ അറബികളിലേക്കു കടന്നുവന്നതിന്റെ തുടക്കമാണിവിടെ വിവരിച്ചത്. ഖുസാഅത്തുകാർ കഅ്ബ: കൈയടക്കുകയും അതിന്റെ അധിപന്മാരെന്ന നിലയ്ക്ക് അറബുസമൂഹത്തെ നയിക്കുകയും ചെയ്തിരുന്ന വേളയിലാണ് ഇതുണ്ടായതെന്നു നാം ഗ്രഹിച്ചു. നൂഹ്നബി(അ)യുടെ തൂഫാനിൽ-ജലപ്രളയം-ജിദ്ദയുടെ തീർത്തണഞ്ഞ് മണൽമൂടിക്കിടന്നിരുന്ന വദ്ദ്, സുവാഅ് പോലുള്ള വിഗ്രഹങ്ങൾ പിശാചിന്റെ സന്ദേശപ്രകാരം ഇവരുടെ ഗോത്രത്തലവൻ അവിടെച്ചെന്നു കണ്ടെത്തുകയും അറബുസമൂഹത്തിലേക്കു കൊണ്ടുവന്നു പ്രചരിപ്പിക്കുകയും ചെയ്തതാണ് തുടക്കമെന്നും നാം മനസ്സിലാക്കി. വിദേശത്തെ ബിംബപൂജകരിൽ നിന്നു കൊണ്ടുവന്ന ദൈവമാണ് ഹുബൽ ദേവനെന്നും മുകളിൽ കുറിച്ചു. ഇവിടെയൊന്നും വഹ്ഹാബികൾ പ്രചരിപ്പിക്കുംപോലെ സദ്വൃത്തരോടുള്ള അനുരാഗവും ആദരവും നിമിത്തമായി വരുന്നില്ല. സജ്ജനങ്ങളുടെ ഖബ്ർപൂജയിൽ നിന്നാണ് ബിംബാരാധനയുടെയും ബഹുദൈവവിശ്വാസത്തിന്റെയും തുടക്കമെന്ന അവരുടെ കുപ്രചാരണം ഈ വകചരിത്രങ്ങളൊന്നും അറിയാതെ കേവലം ഊഹത്തെ അടിസ്ഥാനമാക്കി ജല്പിക്കുന്നതാണ്. അതല്ലെങ്കിൽ മനഃപൂർവ്വം കെട്ടിച്ചമച്ചു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്.

വിഗ്രഹദൈവങ്ങളിലുള്ള വിശ്വാസവും പൂജയും വ്യാപകമായ ശേഷം അനേകം ദൈവങ്ങളും പലപേരിലുള്ള ബുദ്ധുകളും ബിംബങ്ങളും അറബുസമൂഹത്തിൽ പിറവി കൊണ്ടിട്ടുണ്ട്. പല ക്ഷേത്രങ്ങളും ആരാധനാകേന്ദ്രങ്ങളും പില്ക്കാലത്ത് അവർ ഉണ്ടാക്കിയിട്ടുണ്ട്. ഇതിലെല്ലാം വില്ലൻ ഇബ്ലീസു തന്നെയായിരുന്നുവെന്നും മരണപ്പെട്ട മഹാത്മാക്കളോ അവരുടെ ഖബ്റുകളോ ഇതിന്നടിസ്ഥാനമായിരുന്നില്ലെന്നും ഇവയുടെ ചരിത്രം പറിച്ചാൽ ബോദ്ധ്യമാകും. നമുക്കല്പം കൂടി വിവരിക്കാം.

★